**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6334** **20-03-2023 - ൽ മറുപടിയ്ക്ക്**

**വട്ടവട മാതൃക ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ വട്ടവട മാതൃക ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 108 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് 3.24 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി തുക ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകിയിരുന്നു. പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്കായി കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരഞ്ഞെടുക്കുകയും മേൽ തുക കൈമാറിയിട്ടുള്ളതുമാണ്. വകുപ്പ് മുഖേന കൈമാറിയ തുകയിൽ നിന്നും നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റിന് 1 കോടി രൂപ കൈമാറുകയും ആയതിൽ 70 ലക്ഷം രൂപ ലാന്റ് സ്കേപ്പിങ്ങിനായി ചെലവഴിക്കുകയും ശേഷിച്ച 30 ലക്ഷം രൂപ പഞ്ചായത്തിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തതായി ഇതുമായി ബന്ധപ്പെട്ട വകുപ്പ് തല പരിശോധനാവേളയിൽ ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി അറിയിക്കുകയുണ്ടായി. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിന്റെ അടിസ്ഥാനത്തിൽ 18/06/2020 ൽ വട്ടവട വില്ലേജാഫീസർ സ്റ്റോപ്പ്മെമ്മോ നൽകിയിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | വട്ടവട വില്ലേജാഫീസർ നൽകിയ സ്റ്റോപ്പ് മെമ്മോയ്ക്ക് പുറമേ പദ്ധതിയ്ക്കായി വിവിധ ഇനങ്ങളിലേയ്ക്കായി ആകെ ലഭിക്കേണ്ടിയിരുന്ന 11.21 കോടി രൂപയിൽ വകുപ്പ് മുഖേന അനുവദിച്ച 3.24 കോടി രൂപയും ജില്ലാ പഞ്ചായത്തിന്റെ വിഹിതമായ 20 ലക്ഷം രൂപയും തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ജോലികളും മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിവിധ തലങ്ങളിൽ നിന്നും ലഭ്യമാകേണ്ടിയിരുന്ന ഫണ്ട് നാളിതുവരെ |

| | | | |
|---|---|---|---|
| | | | ലഭ്യമാകാതിരുന്നത് പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വകുപ്പ് തലത്തിലുള്ള സമിതി പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ ടി സ്ഥലം ഭവന നിർമ്മാണം നടത്തുന്നതിന് അനുയോജ്യമല്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മലഞ്ചരിവ് പ്രദേശമായ ടി ഭൂമിയോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് കഴിഞ്ഞ കാലവർഷ കാലത്ത് മണ്ണിടിച്ചിൽ ഉണ്ടായിട്ടുള്ളതുമാണ്. മേൽ പ്രശ്നങ്ങളും നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോയും ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ടി സ്ഥലത്ത് പ്രായോഗികമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ